**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 511** **30-01-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി മെയ്ന്റനൻസ് ഗ്രാന്റ് വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പിന് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | പ്രാദേശിക സർക്കാരുകളുടെ റോഡ് റോഡിതര ആസ്തികളുമായി ബന്ധപ്പെട്ട ഡേറ്റയിൽ വന്നേക്കാവുന്ന പിശകുകൾ പരിശോധിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ധനകാര്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി കൊണ്ട് 28/09/2022-ലെ സ.ഉ(സാധാ)നം.168/2022/ധന പ്രകാരം ഒരു എംപവേർഡ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ പരിശോധിച്ച് സമർപ്പിക്കേണ്ടത് സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകരണ വിഭാഗമാണ് . കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉൾപ്പെടെ ധനകാര്യ വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളും ആസൂത്രണ ബോർഡിന് നൽകിയിട്ട് പൂർണ്ണമായ പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടിയാലുടൻ എംപവേർഡ് കമ്മിറ്റി യോഗം കൂടുന്നതാണ് . |
| (ബി) | ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ഉൾപ്പടെ നിരവധി ഘടക സ്ഥാപനങ്ങളുടെയും വ്യവസായ എസ്റ്റേറ്റുകളുടെയും പരിപാലനത്തിനും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചിലവുകൾക്കുമായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രദേശിക സർക്കാരുകൾക്ക് കൈമാറിയ റോഡിതര ആസ്തികളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും, കോമ്പൗണ്ട് ഭിത്തികളുടെ നിർമ്മാണം, വൈദ്യുതി ചാർജ്ജ് അടവ്, വാട്ടർ ചാർജ് അടവ്, ഫർണിച്ചറുകൾ, മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തുടങ്ങിയവ വാങ്ങുന്നതിനും റോഡിതര സംരക്ഷണ ഫണ്ടാണ് വിനിയോഗിക്കേണ്ടത്. തനതു ഫണ്ട് ഉപയോഗിക്കുന്നത് പോലെ തന്നെ പ്രാദേശിക |

| | | | |
|---|---|---|---|
| | | | സർക്കാരുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് 2023 ജൂൺ മാസം ധനകാര്യ വകുപ്പ് അറിയിച്ചെങ്കിലും മറ്റ് തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | റോഡിതര ഗ്രാന്റ് പരിശോധിക്കുന്ന വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വികേന്ദ്രീകരണ വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച തുക വർദ്ധിപ്പിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | എംപവേർഡ് കമ്മിറ്റി തീരുമാനം അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 511**

**30/01/2024-ന് മറുപടി നൽകേണ്ടത്.**

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി മെയ്ന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി**

**ചോദ്യം**

ശ്രീ. പി. അബ്ദുൽ ഹമീദ്

**മറുപടി**

കെ.എൻ. ബാലഗോപാൽ

(ധനകാര്യ വകുപ്പ് മന്ത്രി)

| ക്രമ നം. | ചോദ്യം | മറുപടി |
|---|---|---|
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പിന് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | പ്രാദേശിക സർക്കാരുകളുടെ റോഡ് റോഡിതര ആസ്തികളുമായി ബന്ധപ്പെട്ട ഡേറ്റയിൽ വന്നേക്കാവുന്ന പിശകുകൾ പരിശോധിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ധനകാര്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി കൊണ്ട് 28/09/2022-ലെ സ.ഉ(സാധാ)നം.168/2022/ധന പ്രകാരം ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ പരിശോധിച്ച് സമർപ്പിക്കേണ്ടത് സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകരണ വിഭാഗമാണ്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉൾപ്പെടെ ധനകാര്യ വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളും ആസൂത്രണ ബോർഡിന് നൽകിയിട്ട് പൂർണ്ണമായ |

Flag B

| | | |
|---|---|---|
| | | പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടിയാലുടൻ എംപവേർഡ് കമ്മിറ്റി യോഗം കൂടുന്നതാണ്. |
| (ബി) | ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ഉൾപ്പെടെ നിരവധി ഘടക സ്ഥാപനങ്ങളുടെയും വ്യവസായ എസ്റ്റേറ്റുകളുടെയും പരിപാലനത്തിനും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചിലവുകൾക്കുമായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രദേശിക സർക്കാരുകൾക്ക് കൈമാറിയ റോഡിതര ആസ്തികളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും, കോമ്പൗണ്ട് ഭിത്തികളുടെ നിർമ്മാണം, വൈദ്യുതി ചാർജ്ജ് അടവ്, വാട്ടർ ചാർജ് അടവ്, ഫർണിച്ചറുകൾ, മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തുടങ്ങിയവ വാങ്ങുന്നതിനും റോഡിതര സംരക്ഷണ ഫണ്ടാണ് വിനിയോഗിക്കേണ്ടത്. തനതു ഫണ്ട് ഉപയോഗിക്കുന്നത് പോലെ തന്നെ പ്രാദേശിക സർക്കാരുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് 2023 ജൂൺ മാസം ധനകാര്യ വകുപ്പ് അറിയിച്ചെങ്കിലും മറ്റ് തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | റോഡിതര ഗ്രാന്റ് പരിശോധിക്കുന്ന വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വികേന്ദ്രീകരണ വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച തുക വർദ്ധിപ്പിച്ച് | എംപവേർഡ് കമ്മിറ്റി തീരുമാനം അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

Flag A

| | | |
|---|---|---|
| | നൽകുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | |

ധനകാര്യ വകുപ്പ് മന്ത്രി

**GOVERNMENT OF KERALA**

Abstract

Finance Department - Implementation of Recommendation No.5 in the Supplement to the First Report of the Sixth State Finance Commission - Orders issued.

---

**FINANCE (SFC Cell-A) DEPARTMENT**

G.O.(Ms)No.168/2022/Fin Dated, Thiruvananthapuram, September 28, 2022

---

Read: 1. Supplement to the First Report of the Sixth State Finance Commission.
2. Government decision on recommendations in the Supplement to the First Report of the Sixth State Finance Commission vide Item No.462 dated 28- 12-2021.

**ORDER**

The Sixth State Finance Commission, vide its Supplement to the First Report read above, recommended to set up an Empowered Committee to look into the issues related to data errors with regard to road and non-road assets and various funds due to Local Governments and connected matters. Government have accepted the said recommendation as per second paper read above.

2) Government have examined the matter in detail and are pleased to set up an Empowered Committee with Additional Chief Secretary (Finance) as Chairman and the following as members, to look into the issues related to data errors with regard to road and non-road assets of Local Governments:

(a) Secretary, Local Self Government Department.

(b) Secretary, Planning and Economic Affairs Department.

3) The Committee shall also look into the following matters:

(a) Complaints regarding data errors in the allocation of other Funds, viz., Development Fund and the General Purpose Fund.

(b) Claims for Gap Grants in deficit Village Panchayats and Municipalities.

(c) Determining and allocation of incentives on Development Fund.

(d) Co-ordinating and supervising the collection and collation of data by the Local Governments Fiscal Research Cell of KILA in such a way as to meet the requirements of the subsequent State Finance Commissions.

4) The Empowered Committee will be serviced by Finance (SFC-A) Department. The Decentralization Division of the State Planning Board will also provide necessary assistance to the Empowered Committee, as and when required.

(By Order of the Governor)

**Bishwanath Sinha**
**Additional Chief Secretary (Finance)**

To:

The Principal Accountant General (Audit-I), Kerala, Tvpm
The Principal Accountant General (A&E), Kerala, Tvpm
The Accountant General (Audit-II), Kerala, Tvpm.
The Additional Chief Secretary, Local Self Government Department.
The Additional Chief Secretary, Planning and Economic Affairs Department.
The Member Secretary, State Planning Board.
The Director of Panchayats.
The Director of Urban Affairs.
The Commissioner for Rural Development.
The Director General, KILA.
The Executive Director, Information Kerala Mission, Tvpm.
The Director, Information and Public Relations Department, Tvpm.
The Local Self Government (FM) Department.
All Local Governments (through DP/DUA/CRD).
The Nodal Officer, Finance Department(www.finance.kerala.gov.in)
The Finance (BW-J/Dev. Wing/SS)Department
Stock File/Office Copy (E.2208590)

Forwarded/ By order

for Section officer.